# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.: 484 — 23/03/2018 ൽ മറുപടിയ്ക്ക്

## സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് വളർത്തുവാൻ അനുവാദമില്ലാത്ത മരങ്ങൾ

**ചോദ്യം**

ശ്രീ.പി.ഉബൈദുള്ള
,, പി.കെ.അബ്ദുറബ്ബ്
,, കെ.എം.ഷാജി
,, ടി.വി.ഇബ്രാഹിം

**ഉത്തരം**

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ വളർത്തുവാനും സംരക്ഷിക്കുവാനും പാടില്ലാത്ത മരങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ, ബി &സി | സ്വകാര്യ വ്യക്തികളുടെ പറമ്പുകളിൽ മരങ്ങൾ വളർത്തുവാനും സംരക്ഷിക്കുവാനും തടസ്സങ്ങളില്ല. |
| ബി | ഇത്തരം മരങ്ങൾ വച്ച് പിടിപ്പിച്ച് വളർത്തുവാൻ പാടില്ല എന്ന ഉത്തരവ് നിലവിലുണ്ടോ; | | |
| സി | ഇതിന്റെ പേരിൽ വനം വകുപ്പ് നിയമ നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | | |
| ഡി | സ്വന്തം പറമ്പുകളിൽ വാണിജ്യാടിസ്ഥാനത്തിലല്ലാതെ ഇത്തരം മരങ്ങൾ വളർത്തുകയും, പാകമായാൽ സ്വന്തം ആവശ്യത്തിന് പോലും മുറിച്ച് ഉപയോഗിക്കാനാവാതെ നിയമക്കുരുക്കിൽ പെടുകയും ചെയ്യുന്നവരെ സഹായിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | ഡി | നിയമപ്രകാരം അനുവദിക്കാൻ കഴിയുന്ന സ്ഥലങ്ങളിലെ സർക്കാരിൽ നിക്ഷിപ്തമല്ലാത്ത ഭൂമിയിൽ ചന്ദനമരമൊഴികെയുള്ള മരങ്ങൾ മുറിക്കുന്നതിന് വനം വകുപ്പ് യാതൊരുവിധ തടസ്സങ്ങളും ഉന്നയിക്കുന്നില്ല. എന്നാൽ ചന്ദനമരത്തിന്റെ കാര്യത്തിൽ 2012 ലെ കേരള ഫോറസ്റ്റ് (റെസ്ട്രിക്ഷൻ ഓൺ കട്ടിംഗ് & സെല്ലിംഗ് ഓഫ് സാൻഡൽ ട്രീസ് ആന്റ് ഗ്രാന്റ് ഓഫ് ലൈസൻസ് ഫോർ പൊസ്സഷൻ ആന്റ് ട്രാൻസ്പോർട്ട് ഓഫ് സാൻഡൽ വുഡ് ഓയിൽ) ചട്ടങ്ങളിലെ ചട്ടം 5-ൽ അനുശാസിക്കുന്ന പ്രകാരം ഉടമസ്ഥൻ വനം വകുപ്പിന് അപേക്ഷ നൽകേണ്ടതും വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തി മുറിക്കാവുന്ന ചന്ദനമരം മുറിച്ച് ഡിപ്പോയിലെത്തിച്ച് ലേലം നടത്തി ചിലവ് കിഴിച്ചുള്ള ലേലതുക ഉടമസ്ഥന് കൈമാറേതുമാണ്<br>2005 ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെ 6 (1) വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യാത്ത വില്ലേജുകളിലെ വനേതര പ്രദേശത്തെ സ്ഥല ഉടമയ്ക്ക് ചന്ദനം ഒഴികെ ഏതു മരവും മുറിക്കുന്നതിനോ കൊണ്ടുപോകുന്നതിനോ കാര്യ |

| | | | |
|---|---|---|---|
| | | | മായ നിയന്ത്രണങ്ങളില്ല. എന്നാൽ തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പകം, ചടച്ചി, ചന്ദനവേമ്പ്, വെള്ളകിൽ, കരിമരം എന്നീ ഇനങ്ങളിൽപ്പെട്ട മരങ്ങൾ മുറിക്കേണ്ടി വരുമ്പോൾ നിയമാനുസൃതമായി ഒരു പ്രതിജ്ഞാപത്രം ഓതറൈസ്ഡ് ഓഫീസറായ റെയിഞ്ചാഫീസർക്ക് നേരിട്ട് നൽകുകയോ രജിസ്റ്റേഡ് പോസ്റ്റ് അയക്കുകയോ ചെയ്ത് കൈപ്പറ്റ് വാങ്ങേണ്ടതാണ്. 20 ദിവസത്തിനകം ഓതറൈസ്ഡ് ഓഫീസർ പരിശോധന നടത്തി പെർമിറ്റ് നൽകാതിരുന്നാൽ പോലും മരം മുറിച്ച് പ്രതിജ്ഞാപത്രത്തിന്റെ കൈപ്പറ്റ് രസീതുമായി തടി കൊണ്ടുപോകാൻ സാധിക്കുന്നതാണ്. മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പട്ടയത്തിൽ റിസർവ്വ് ചെയ്തതോ, മറ്റേതെങ്കിലും നിയമപ്രകാരം സർക്കാർ ബാദ്ധ്യതയുള്ളതോ ആയ മരങ്ങളിന്മേൽ അവകാശം ഉന്നയിക്കാൻ കഴിയുകയില്ല.<br>മേൽ നിയമപ്രകാരം വിജ്ഞാപനം ചെയ്ത 50 വില്ലേജുകളിൽ മരം മുറിക്ക് ബന്ധപ്പെട്ട നിയമത്തിൽ അനുശാസിക്കുന്ന ചില നിയന്ത്രണങ്ങൾ ഉണ്ട്.<br>1986-ലെ വൃക്ഷസംരക്ഷണ നിയമത്തിലെ 5-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ മരം മുറിക്കുന്നതിന് ചില നിയന്ത്രണങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ